## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5190** **26.03.2018-ൽ മറുപടിയ്ക്ക്**

## ഒറ്റപ്പാലത്തെ ഗ്രാമീണ റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. മറ്റു മണ്ഡലങ്ങളിലേതും ഏറ്റെടുത്തിട്ടില്ല. |
| (ബി) | പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണം എന്ന് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കപ്പെട്ട ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റോഡുകൾ ഏറ്റെടുക്കുന്നതിലെ പുരോഗതി വിശദീകരിക്കാമോ? | (ബി) | സംസ്ഥാനത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധാരാളം അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ മാനദണ്ഡങ്ങൾ തയ്യാറാക്കി വരുന്നു. അതിനുശേഷം സർക്കാർ തലത്തിൽ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ ഒന്നും ഏറ്റെടുക്കേണ്ടതില്ലെന്നാണ് ക്യാബിനറ്റ് തീരുമാനം. |

സെക്ഷൻ ഓഫീസർ